**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ജൂൺ 29, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

13(*91) ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകുന്ന പ്രവൃത്തികൾ

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഇ-ടെൻഡർ മുഖാന്തരം നൽകുന്നതിന് മുൻഗണന നൽകിവരുന്നുണ്ടെന്നും നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തികൾ അനുവദിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. PWD Manual, SBD Condition എന്നിവ അനുസരിച്ചാണ് പ്രവൃത്തികൾ നടപ്പാക്കുന്നതെന്നും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Quality Control Manual അവലംബിക്കുന്നുണ്ടെന്നും ഗുണനിലവാര പരിശോധനാ ഫലത്തിന്റ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നൽകുന്നതെന്നും ഗുണനിലവാരം സംബന്ധിച്ച് പരാതി ലഭിക്കുന്നപക്ഷം അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. നിലവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് എത്ര തുകയ്ക്കുള്ള പ്രവൃത്തിയും ഏറ്റെടുത്ത് നടത്താവുന്നതാണെന്നും MoRTH tender condition പ്രകാരം ചെയ്യുന്ന പ്രവൃത്തികളിൽ പ്രത്യേക മുൻഗണനയില്ലെന്നും മറ്റ് കരാറുകാർ ക്വാട്ട് ചെയ്ത തുകയിൽനിന്ന് 10% കൂടിയ നിരക്ക് മാത്രമാണെങ്കിൽ സൊസൈറ്റി ക്വാട്ട് ചെയ്ത തുകയ്ക്ക് പ്രവൃത്തി അനുവദിക്കുന്നതാണെന്നും നിരതദ്രവ്യം (EMD), സെക്യൂരിറ്റി ഡെപ്പോസിറ്റ് (Performance Guarantee) എന്നിവ ഒഴിവാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തദ്ദേശീയരായ

തൊഴിലാളികൾക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളിൽ തൊഴിൽ ലഭ്യമാകാത്തതുസംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും സൊസൈറ്റിക്ക് അറ്റ് എ ടൈം ഹോൾഡ് ചെയ്യാവുന്ന വർക്കുകളുടെ മൊത്തം തുക സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14(*92) <u>പ്ലസ് വൺ സീറ്റുകളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി</u>

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പ്ലസ് വൺ സീറ്റുകളുടെ അലോട്ട്മെന്റിൽ വിദ്യാഭ്യാസ ജില്ല അടിസ്ഥാനമാക്കി സീറ്റിന്റെ ആവശ്യകത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും പത്താംതരം പാസ്സാകുന്ന മുഴുവൻ കുട്ടികൾക്കും അവരുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ ലഭ്യമാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും സഭയെ അറിയിച്ചു. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ഈ അധ്യയന വർഷംതന്നെ അധിക ബാച്ചുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഏകജാലക പ്രവേശന സംവിധാനത്തിലൂടെ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകളും സ്കൂളുകളും തിരഞ്ഞെടുക്കാൻ സാധിക്കുന്നതാണെന്നും റാങ്ക് പട്ടികയിലെ ഉയർന്ന WGPA (Weighted Grade Point Average) പരിശോധിച്ചാണ് അലോട്ട്മെന്റുകൾ നടത്തുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഈ വർഷത്തെ പ്രവേശന നടപടികൾ പൂർത്തീകരിച്ചശേഷം ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അവസാനത്തെ മുഖ്യ അലോട്ട്മെന്റിനുശേഷവും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേക്ക് സേ പരീക്ഷയിൽ വിജയിച്ച വിദ്യാർഥികൾ ഉൾപ്പെടെയുള്ളവരുടെ അപേക്ഷകൾ സ്വീകരിച്ച് സപ്ലിമെന്ററി അലോട്ട്മെന്റിലൂടെയും സ്പോട്ട് അഡ്മിഷൻ മുഖേനയും പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. പ്ലസ് വൺ സീറ്റുകൾ ഏറ്റവും കുറവുള്ള മലപ്പുറം ജില്ലയുൾപ്പെടെ എല്ലാ ജില്ലകളിലും താൽക്കാലികമായി അഡീഷണൽ ബാച്ചുകൾ അനുവദിച്ചുകൊണ്ട് ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിലെ പ്രതിസന്ധി പരിഹരിക്കാനും അടുത്ത വർഷംമുതൽ കൃത്യമായ പുന:ക്രമീകരണത്തിലൂടെയും പുതിയ സ്കൂളുകൾ അനുവദിച്ചും ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

15(*93) റവന്യൂ വകുപ്പിന്റെ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ജനങ്ങളിലേക്ക് വേഗത്തിലും സുതാര്യമായും എത്തിക്കുന്നതിന് വിപുലമായ ഡിജിറ്റലൈസേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ ലക്ഷ്യമാക്കി റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം, ലാൻഡ് റവന്യൂ പോർട്ടൽ, ഇ-ഡിസ്ട്രിക്ട്, ആർ.ആർ. ഓൺലൈൻ, Revenue Recovery Digital Payment, ഇ-ഓഫീസ് തുടങ്ങിയ സംവിധാനങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്നും റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ സേവനങ്ങൾ ഏകീകൃതമായി Integrated Land Information Management System (ILIMS) മുഖേന ലഭ്യമാക്കിവരുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഭൂരേഖകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അനുബന്ധ സർക്കാർ സേവനങ്ങൾ സുരക്ഷിതവും സുതാര്യവുമാക്കുന്നതിനുമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ എന്നിവ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടൽവഴി ലഭ്യമാക്കിവരുന്നുണ്ട്. സംസ്ഥാനത്ത് 10.42 ലക്ഷം ഹെക്ടർ ഭൂമിയുടെ ഡിജിറ്റൽ സർവെ പൂർത്തീകരിച്ച് രേഖകൾ 'എന്റെ ഭൂമി' പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും മുൻ സർവെ രേഖകളും റീസർവെ വില്ലേജുകളിലെ എഫ്.എം.ബി-കളും മുൻ സെറ്റിൽമെന്റ് രേഖകളും പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനും ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ ജില്ലാതല അദാലത്തുകൾ നടത്തി തീർപ്പാക്കുന്നതാണെന്നും ഭൂനിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മിഷനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16(*94) പി.എം.ശ്രീ പദ്ധതി

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ) നൽകിയ മറുപടിയിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ശ്രീ (PM SHRI- Prime Minister's Schools for Rising India)-യുടെ ധാരണാപത്രത്തിൽ 2025 ഒക്ടോബറിൽ സംസ്ഥാന സർക്കാർ ഒപ്പുവച്ചിട്ടുണ്ടെന്നും ധാരണാപത്രത്തിലെ വ്യവസ്ഥകൾപ്രകാരം കരാർ റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണെന്നും സഭയെ അറിയിച്ചു. ധാരണാപത്രവുമായി ബന്ധപ്പെട്ട് ആശങ്കകൾ

ഉയർന്ന സാഹചര്യത്തിൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നീട്ടിവയ്ക്കാൻ മുൻസർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നുവെന്നും പദ്ധതിയിൽനിന്ന് പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു. ധാരണാപത്രം ഒപ്പുവച്ചതിനെത്തുടർന്ന് 2025-26 വർഷത്തിൽ കേന്ദ്രസർക്കാരിൽനിന്ന് എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം)-ക്ക് 99.27 കോടി രൂപ ലഭിച്ചുവെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ കേന്ദ്ര വിഹിത ഇനത്തിൽ 1151.48 കോടി രൂപ (2025-26) സംസ്ഥാനത്തിന് ലഭിക്കാനുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഒരു എലമെന്ററി സ്കൂളും ഒരു സെക്കൻഡറി സ്കൂളുമാണ് പദ്ധതിക്കായി തിരഞ്ഞെടുക്കുന്നതെന്നും ചെലവിന്റെ 40 ശതമാനം സംസ്ഥാന ഗവൺമെന്റും 60 ശതമാനം കേന്ദ്ര ഗവൺമെന്റുമാണ് വഹിക്കേണ്ടതെന്നും ഒരു സ്കൂളിന് ഒരു കോടി രൂപയാണ് ഈയിനത്തിൽ ലഭിക്കുന്നതെന്നും സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതി തീരുമാനിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17(*95) ട്രാവൽ ആൻഡ് ടൂറിസം മേഖലയിലെ പുതിയ പദ്ധതികൾ

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്) നൽകിയ മറുപടിയിൽ, സുസ്ഥിര സമ്പ്രദായത്തിന് ഊന്നൽ നൽകി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ടൂറിസം നയം രൂപീകരിക്കാനാണ് സർക്കാർ ആലോചിക്കുന്നതെന്ന് സഭയെ അറിയിച്ചു. ടൂറിസം കേന്ദ്രങ്ങൾ വളർത്തിയെടുക്കൽ, പുതിയ ലാൻഡ് മാർക്കുകൾ സൃഷ്ടിക്കൽ, പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, ഉത്തരവാദിത്ത ടൂറിസം സമന്വയിപ്പിക്കൽ എന്നിവ ടൂറിസം മേഖലയിൽ നടപ്പാക്കിവരുന്നുണ്ട്. കാരവൻ പാർക്ക്, സ്റ്റാർട്ടപ്പ് പോഡ്, ടോയ്‌ലറ്റ് മോഡൽ, പരിസ്ഥിതി സൗഹൃദ ശുചിത്വ സംവിധാനം, AI ഇൻഫർമേഷൻ - കിയോസ്കുകൾ എന്നീ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻ സർക്കാർ കേരളാ സ്റ്റാർട്ടപ്പ് മിഷനുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതികൾ ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ലെന്ന് മന്ത്രി കൂട്ടിച്ചേർത്തു. ബാക്ക് വാട്ടർ ടൂറിസത്തിന് മുൻഗണന നൽകുന്നതോടൊപ്പം ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി തുടരുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.